**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5478** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഡിസ്ട്രിക്ക് കോമൺ പൂൾ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പ്രവർത്തിച്ചിരുന്ന വർക്ക് ഷോപ്പുകൾ നിർത്തലാക്കി ഡിസ്ട്രിക്ക് കോമൺ പൂൾ എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രികറ്റ് കോമൺ പൂൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ പ്രവർത്തിച്ചിരുന്ന വർക്ക്ഷോപ്പുകൾ നിർത്തലാക്കിയിട്ടില്ല. ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിലാക്കിയപ്പോൾ പ്രതിദിന, പ്രതിവാര മെയിന്റനൻസുകളും മൈനർ റിപ്പയേഴ്സും നിർവ്വഹിക്കുന്നത് ഡിപ്പോതല വർക്ക്ഷോപ്പുകളിലാണ്. |
| (ബി) | എങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സുകളുടെ അറ്റകുറ്റപണികൾക്ക് ഏകീകൃത സ്വഭാവം കൈവരിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കും, ഇൻവെന്ററി നിയന്ത്രിച്ച് പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനും, സേവന വേതന കരാർ 2021 ലെ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരവും നിലവിലെ വർക്ക് ഷോപ്പുകൾ പുനഃക്രമീകരിച്ച് ത്രീ ടയർ മെയിന്റനൻസ് സംവിധാനത്തിലേക്ക് മാറ്റേണ്ടത് അനിവാര്യമായതിന്റെ അടിസ്ഥാനത്തിൽ അഞ്ചു (5) സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ യൂണിറ്റുകളായും, 22 ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ രൂപീകരിച്ച് പ്രതിദിനം പ്രതിവാര മെയിന്റനൻസ് ഒഴികെയുള്ളതും സി.എഫ് ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ, ആക്സിഡന്റ് റിപ്പയർ എന്നിവ നിർവ്വഹിക്കുന്നതിനും, ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന പ്രതിവാര മെയിന്റനൻസുകൾ (ഇലക്ട്രിക്കൽ, ടയർ ഉൾപ്പെടെ) |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ഡിസ്ട്രികറ്റ് കോമൺ പൂൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ബസ്സുകളുടെ വാഹന ഉപയോഗ നിരക്ക് വർദ്ധിപ്പിക്കുന്നതിലേക്ക് മെയിന്റനൻസ് സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും, അറ്റകുറ്റപണികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്പെയർ പാർട്സുകളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമാണ് ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുണ്ടായ സാഹചര്യം. |
| (സി) | തകരാറിലാകുന്ന ബസ്സുകൾ ഒരു ഡിപ്പോയിൽ നിന്നും കിലോമീറ്ററുകളോളം കൊണ്ടുപോയി ഡി.സി.പി. സ്ഥിതി ചെയ്യുന്ന ഡിപ്പോകളിലെത്തിച്ച് അറ്റകുറ്റപ്പണി ചെയ്യേണ്ടിവരുന്നത് കാരണമുണ്ടാകുന്ന അധിക ഡീസൽ ഉപയോഗവും സമയ നഷ്ടവും നിമിത്തം കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് സെൻട്രൽ / റീജണൽ വർക്ക് ഷോപ്പുകൾ (5 എണ്ണം) കേന്ദ്രീകരിച്ചായിരുന്നു ആക്സിഡന്റ് റിപ്പയർ, മറ്റ് മേജർ റിപ്പയർ വർക്കുകൾ സി.എഫ് ജോലികൾ നിർവ്വഹിച്ചിരുന്നത്. നിലവിൽ 22 ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണുണ്ടായത്. ഡിപ്പോകളിൽ നിന്നും ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പുകളിലേക്ക് ബസ്സുകൾ അയച്ച് നൽകുന്നത് മേജർ അഗ്രിഗേറ്റ് റീപ്ലൈസ് മെന്റ്, സി.എഫ്, quarterly and half yearly maintenance, accident repair എന്നിവ നിർവ്വഹിക്കുന്നതിനാണ്. Float unit replacement, മറ്റ് പീരിയോഡിക് മെയിന്റനൻസുകൾ vehicle manufacture നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുമ്പോൾ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അറ്റകുറ്റ പണികൾ ഒഴിവാക്കാൻ സാധിക്കുന്നതുമാണ്. കൂടാതെ ത്രിതല മെയിന്റനൻസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കി പ്രവർത്തനം വിലയിരുത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ